Draft #49 of File 153533/AD A3-3/2021/AD A 3 Approved by REGISTRAR (i/c) on 23-Jun-2024 05:11 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നം.153533/AD A3-3/2021/എ ഡി എ 3 തീയതി: 23.06.2024

**വിജ്ഞാപനം**

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ബയോ സയൻസസിൽ വെറ്ററിനേറിയൻ തസ്തികയിലേക്ക് ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ താത്കാലിക നിയമനത്തിനായി അപേക്ഷകൾ ക്ഷണിക്കുന്നു.

**വേതനം** : ₹35,000/- പ്രതിമാസ വേതനം.
**ഒഴിവുകൾ** : 1 (ഒന്ന്)
**യോഗ്യത** : വെറ്ററിനറി സയൻസസിൽ ബിരുദവും, കേരള വെറ്ററിനറി കൗൺസിലിന്റെ അംഗീകാരവുമുള്ള ഡോക്ടർമാർക്കും, റിട്ടയർ ചെയ്ത വെറ്ററിനറി ഡോക്ടർമാർക്കും അപേക്ഷിക്കാം.

താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ ബയോഡേറ്റായും താഴെപ്പറയുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ, സ്കാൻ ചെയ്ത പി.ഡി.എഫ് രൂപത്തിലുള്ള പകർപ്പുകൾ സഹിതം 06.07.2024 തീയതിക്കകം soada3@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിലേക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതാണ്. **ബയോഡേറ്റയിൽ ഫോൺ നമ്പർ, ഇ-മെയിൽ വിലാസം എന്നിവ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.**

1) പേര്, വയസ്സ്, വിദ്യാഭ്യാസ യോഗ്യത (മാർക്ക് ലിസ്റ്റുകൾ ഉൾപ്പെടെ) എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ
2) കേരള വെറ്ററിനറി കൗൺസിലിന്റെ അംഗീകാരം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്.
3) തൊഴിൽ പരിചയ സർട്ടിഫിക്കറ്റ്.
4) തെരഞ്ഞെടുപ്പ് തിരിച്ചറിയൽ /ആധാർ കാർഡ്.

മേൽപ്പറഞ്ഞ തീയതിക്ക് ശേഷം ലഭിക്കുന്നതും അപാകതകൾ ഉള്ളതുമായ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുന്നവരെ ഇ-മെയിൽ മുഖാന്തിരം അഭിമുഖ തീയതി പിന്നീട് അറിയിക്കുന്നതാണ്. പ്രസ്തുത തിരഞ്ഞെടുപ്പ് താല്കാലികവും സ്ഥിര നിയമനത്തിന് നിയമാനുസൃതം അർഹതയില്ലാത്തതുമാണ്. ഫോൺ നം : 04812733240

**ഡോ.ജയചന്ദ്രൻ കെ**
രജിസ്ട്രാർ (i/c)